Subhash.S (Ex-Air Force)
Gallery
Poundkadavu
Valiyaveli-PO
Trivandrum-695021
Tele: 0471-2414880

The Honourable Chief Minister
Kerala

19.7.2013

Sir,

എന്റെ അപേക്ഷ സ്വീകരിച്ച് അർഹമായ നടപടി കൈക്കൊള്ളണമെന്ന് താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു.

സാമൂഹ്യദ്രോഹികൾ Loudspeakers ഉപയോഗിച്ച് Public nuisance ഉൺടാക്കുന്നതിനെതിരെ ബഹു. മുഖ്യമന്ത്രിയുടെ Public Grievance Redressal Cell ൽ 28.8.2011 ന് നൽകിയ അപേക്ഷ 435/2011 എന്ന Docket Number ആയി സ്വീ കരിക്കുകയും അത് ബഹു. Director General of Police ന് forward ചെയ്തിട്ടുള്ളതും ആകുന്നു. എന്നാൽ നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ച തായി കാണുന്നില്ല.

8.3.2013ന് The State Public Information Officer, Office of the Commissioner of Police, Trivandrum ന് സമർപ്പിച്ച RTI അപേക്ഷയിൽ *“Hon. Supreme Court, 2000-ൽ നിരോധിച്ചതും, Kerala Police Act, Noise pollution Rules-2000 എന്നിവ പ്രകാരം നിയമ വിരുദ്ധവുമായ Cone shaped Metal loudspeakers ഉപയോഗിക്കാൻ അനുവദിക്കുന്ന rule ഏതെങ്കിലും ഇപ്പോൾ നില വിലുൺടോ? ഉൺടെങ്കിൽ ആ rule വ്യക്തമാക്കുക”* എന്ന ചോദ്യത്തിന് ***“നിലവി ലില്ല”*** എന്ന വിവരം നമ്പർ. ജി1(എ)/13865/13 റ്റി.സി, 19.4.2013 ന് ലഭിച്ചിട്ടുള്ളതുമാ കുന്നു.

2000-ാം ആൺടിൽ ബഹു. സുപ്രീം കോടതി നിരോധിച്ച Cone Shaped Metal Loudspeakers ഉപയോഗിച്ചും, Hon. DGP യുടെ 2002 ലെ വിജ്ഞാപനത്തെ വെല്ലുവിളിച്ചുകൊൺട് High intensity loudspeakers ഘടിപ്പിച്ച അനേകം ബോക്സു കൾ പൊതുനിരത്തുകളിലും കവലകളിലും ഒരുമിച്ചടുക്കിവച്ചുപയോഗിച്ചും, വാഹന ങ്ങളിലും കാൽനടയായും സഞ്ചരിക്കുന്നവരേയും സ്വഭവനത്തിൽ സ്വൈരമായി കഴി യുന്നവരുടെ മനുഷ്യാവകാശം ലംഘിച്ചും, മത-രാഷ്ട്രീയ-സാംസ്കാരിക ഭേദമി ല്ലാതെ സാമൂഹ്യദ്രോഹികൾ കച്ചവട ലക്ഷ്യത്തോടെ ആരാധന, ആഘോഷം എന്നിവ യുടെ മറവിലാണ് ഈ ദ്രോഹം ചെയ്യുന്നത്. മുൻകാലങ്ങളെ അപേക്ഷിച്ച് യാതൊരു ദാക്ഷിണ്യവുമില്ലാതെ നാൾക്കുനാൾ ഈ ദ്രോഹം വർദ്ധിച്ചുവരികയുമാണ്. മത -രാഷ്ട്രീയ-സാംസ്കാരിക രംഗങ്ങളിൽ സാമൂഹ്യദ്രോഹികളുടെ കടന്നുകയറ്റവും ആധിപത്യവുമാണ് ഈ ദുഷ്പ്രവണതയ്ക്ക് കാരണം.

ആരാധന ആഘോഷം എന്നിവ നടക്കുന്ന വേദിയിൽ സന്നിഹിതരായിരി ക്കുന്നവരുടെ ശ്രവണ സുഖത്തിന് വേൺടി അവരെ മാത്രം ഫോക്കസ് ചെയ്ത് loudspeakers സജ്ജീകരിക്കേൺടതിനുപകരം, പ്രസ്തുത കാര്യത്തിൽ യാതൊരു താൽപ്പര്യവുമില്ലാത്തവരെ മന:പൂർവ്വം ദ്രോഹിക്കുക എന്ന ലക്ഷ്യത്തോടെ അകലങ്ങ ളിൽ loudspeakers ഫോക്കസ് ചെയ്ത് ഉപയോഗിക്കുന്ന അനീതി അവസാനിപ്പി ക്കേൺടതാണ്.

ശാന്തി, സമാധാനം, ഐശ്വര്യം എന്നിവ ലക്ഷ്യമാക്കി പ്രവർത്തിക്കേൺട Places of worship ഇപ്പോൾ Places of nuisance ആയി മാറിയിരിക്കുന്നു. സാമൂഹ്യ

ദ്രോഹികൾ കച്ചവട ലക്ഷ്യത്തോടെ പാതിരാനേരത്ത് ഉറങ്ങിക്കിടക്കുന്നവരെ, ബഹു. സുപ്രീം കോടതി നിരോധിച്ച Cone Shaped Metal Loudspeakers ഉപയോഗിച്ച് നിഷ്കരുണം അത്യുച്ചത്തിൽ അരോചകമായി Public nuisance ഉൺടാക്കി ദ്രോഹിക്കുന്നത് പോലും നിശ്ശബ്ദം സഹിക്കേൺട അവസ്ഥയാണിന്ന്. ഇതിനുകാരണം, സാമൂഹ്യദ്രോഹികൾക്ക് പൊലീസിന്റെ നിർലോഭമായ help ഉം support ഉം ഉള്ളതുതന്നെയാണ്. പരാതിപ്പെടുന്നവരെ ആക്രമിക്കുക കള്ളക്കേസിൽ കുടുക്കുക തുടങ്ങിയ അന്യായങ്ങൾ ഭയന്ന് ആരും പരാതിപ്പെടാത്ത അവസ്ഥയാണ്.

സമാധാന കാംക്ഷികളായ ഭൂരിപക്ഷത്തിന്റെ താൽപ്പര്യം സംരക്ഷിക്കുന്നതിന് പകരം, മതസൗഹാർദ്ദം എന്ന പഴി പറഞ്ഞ് ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറി, കച്ചവട ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ന്യൂനപക്ഷമായ സാമൂഹ്യദ്രോഹികൾക്ക് ഒത്താശകൾ ചെയ്യുന്ന പൊലീസ്, High-Tech സംവിധാനങ്ങൾ ഉപയോഗിച്ച് തെളിവുകൾ ശേഖരിച്ച് Traffic Rules ലംഘിക്കുന്നവർക്കെതിരെ കേസെടുത്ത് കോടിക്കണക്കിന് രൂപ പിഴയും ശിക്ഷയും നൽകുന്നതുപോലെ, Loudspeakers ഉപയോഗിച്ച് പൊതുജനങ്ങളെ ദ്രോഹിക്കുന്നവർക്കെതിരെയും പിഴ, ശിക്ഷ, ലൈസൻസ്/രജിസ്ട്രേഷൻ ക്യാൻസലേഷൻ തുടങ്ങിയ നടപടികൾ സമാധാനമായി സ്വീകരിച്ച്, അനാരോഗ്യകരമായ ഈ സാമൂഹ്യവിപത്തിൽ നിന്ന് പൊതുജനത്തെ രക്ഷിക്കണം. അതിനുവേൺട നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു.

Yours truly,



(Subhash.S)